സംഘർഷാവസ്ഥ നിലനില്ക്കുന്നു. ഇതിനെക്കുറിച്ച് ഈ സമ്മേളനത്തിൽ ചർച്ച ചെയ്തില്ലെങ്കിൽ ഇവിടത്തെ പോലീസ് വകുപ്പു രണ്ടായി മാറും. കേരള വ്യാപകമായി സംഘർഷം ഉണ്ടാകും. ആ സംഘർഷത്തിൽനിന്ന് ഒഴിഞ്ഞുനില്ക്കാൻ സാധിക്കാത്ത സാഹചര്യം മറ്റ് വിദ്യാർത്ഥി സംഘടനകൾക്കുമുണ്ടാകും. അതുകൊണ്ട് സഭ നിർത്തിവച്ച് ഇത് ചർച്ച ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. വയലാർ രവി): സർ, ഈ സംഭവത്തെക്കുറിച്ച് അന്വേഷിക്കാൻ കളക്ടറോട് ആവശ്യപ്പെട്ടിരിക്കുന്ന സ്ഥിതിക്ക്, അദ്ദേഹത്തിന്റെ റിപ്പോർട്ട് കിട്ടുന്നതുവരെ അവിടെ നടന്ന കാര്യങ്ങളെക്കുറിച്ച് മറ്റൊരു.....(ബഹളം) ..... ശ്രീ. ഷൺമുഖദാസ് ഇവിടെ പറഞ്ഞിട്ടുള്ള മറ്റു കാര്യങ്ങൾ അതിനോട് ബന്ധപ്പെട്ട രാഷ്ട്രീയമായ കാര്യങ്ങളാണ്. അത് ഈ സഭയിൽ ചർച്ച ചെയ്യപ്പെട്ടിട്ടുള്ള വിഷയമാണോയെന്ന് എനിക്കറിയില്ല. ഏതായാലും ഒരു കാര്യം അദ്ദേഹത്തെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. കോൺഗ്രസ്സിൽ (ഐ)യും (എ)യുമെന്ന തർക്കമില്ല.....(ബഹളം).....കോൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം ഒരു പാർട്ടിയായി പ്രവർത്തിക്കുന്ന സംഘടനയാണ് അത്. ഇത്തരത്തിലുള്ള യാതൊരുവിധ തർക്കങ്ങളും ഇതിനെ ബാധിച്ചിട്ടില്ല. അതുകൊണ്ട് ആ പ്രശ്നം ഇവിടെ കൊണ്ടുവരേണ്ട കാര്യമില്ല.

മിസ്റ്റർ സ്പീക്കർ: ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തിര പ്രമേയത്തിന് അനുമതി നിഷേധിച്ചിരിക്കുകയാണ്.

ശ്രീ. ജി. കാർത്തികേയൻ: സർ, ഒരു പൊതു പ്രവർത്തകൻ എന്നുള്ള നിലയിൽ എന്റെ റൂമിൽ വിവിധ തരത്തിലുള്ള ആളുകൾ വരാറുണ്ട്. കെ. എസ്. യു. ക്കാരും എസ്. എഫ്. ഐ. ക്കാരും ശ്രീ. ഷൺമുഖദാസിന്റെ കോൺഗ്രസ്സ് (എസ്)-ൽ പെട്ടവരും എന്റെ റൂമിൽ വരാറുണ്ട്. ശ്രീ. ഷൺമുഖദാസ് പറഞ്ഞത് കള്ളവും അടിസ്ഥാനരഹിതവുമാണ്.

IV. ശ്രദ്ധ ക്ഷണിക്കൽ

(1) ആലപ്പുഴ-എറണാകുളം, ആലപ്പുഴ-കായംകുളം റയിൽവേ ലൈനുകളുടെ നിർമ്മാണത്തിൽ ഉണ്ടായതായി പറയപ്പെടുന്ന സ്തംഭനാവസ്ഥ

ശ്രീ. എ. വി. താമരാക്ഷൻ : സർ, ആലപ്പുഴ-എറണാകുളം, ആലപ്പുഴ-കായംകുളം എന്നീ തീരദേശ റെയിൽവേകൾക്ക് ഈ സാമ്പത്തിക വർഷത്തിൽ ആവശ്യമായ പണം ലഭിക്കാത്തതിന്റെ ഫലമായി ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം ഈ സഭയുടെയും ഗവൺമെന്റിന്റേയും ശ്രദ്ധയിൽ പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. അങ്ങ് ആലപ്പുഴയിൽ നിന്നുള്ള എം. പി. യായിരുന്ന അവസരത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

അവിടത്തെ ജനങ്ങൾ കക്ഷിരാഷ്ട്രീയത്തിനതീതമായി നടത്തിയിട്ടുള്ള സമരത്തിന്റെ ഫലമായിട്ടാണ് 1978-ൽ ജനതാ ഗവൺമെന്റ് ആദ്യമായി ആലപ്പുഴ-എറണാകുളം റെയിൽവേയ്ക്ക് അനുമതി നൽകിയത്. ആ റെയിൽവേ അനുവദിക്കുമ്പോൾ 1982-ൽ ഈ റെയിൽവേലൈനിൽക്കൂടി ട്രെയിൻ ഓടുമെന്നാണ് പ്രഖ്യാപിച്ചത്. ആ റെയിൽവേ ലൈൻ പൂർത്തിയാക്കുന്നതിന് ആദ്യം എസ്റ്റിമേറ്റിൽ ഉണ്ടായിരുന്നത് പതിനഞ്ചുകോടി രൂപയായിരുന്നു. ഇപ്പോൾ ഇതിനകംതന്നെ പതിനാലരക്കോടി രൂപ ചെലവഴിച്ചിരിക്കുകയാണ്. ഇത് 1985-1986 ആണ്. ആലപ്പുഴ-എറണാകുളം റെയിൽവേ പൂർത്തിയാകണമെങ്കിൽ ഇനിയും പതിനഞ്ചുകോടി രൂപയോളം വേണ്ടിവരും. ഈ സാമ്പത്തികവർഷത്തിൽ കുറഞ്ഞത് ആറുകോടി രൂപ എങ്കിലും കിട്ടുമെന്നുള്ള പ്രതീക്ഷയിൽ ആലപ്പുഴ-എറണാകുളം റെയിൽവേയ്ക്ക് വേണ്ടി റെയിൽവേ ബോർഡ് പത്തുകോടി രൂപയ്ക്കുള്ള വർക്കുകൾ ഏർപ്പാട് ചെയ്തു. എറണാകുളം മുതൽ ആലപ്പുഴ വരെ 27 റീച്ചുകളായിട്ടാണ് വർക്കുകൾ ഏർപ്പാട് ചെയ്തത്. ഒരു റീച്ചിന് ഏകദേശം നാൽപ്പതുകോടി രൂപയോളം വരും. ഇതിൽ ആലപ്പുഴ മുതൽ അരൂർ വരെയുള്ള ഇരുപത് റീച്ചുകൾ ടെണ്ടർ ചെയ്തു. ഇതിൽ ഒൻപത് വർക്കുകൾ അവാർഡ് ചെയ്ത് പ്രവർത്തനങ്ങൾ നടത്തി. അങ്ങനെ ഇരിക്കുമ്പോഴാണ് 1985-1986-ലെ റെയിൽവേ ബഡ്ജറ്റ് വന്നത്. ആ ബഡ്ജറ്റിൽ എറണാകുളം-ആലപ്പുഴ റെയിൽവേയ്ക്കുവേണ്ടി വെറും രണ്ടുകോടി രൂപ മാത്രമാണ് നീക്കിവച്ചിരിക്കുന്നത്. ഇന്ന് അരൂരിൽ നടന്നുകൊണ്ടിരിക്കുന്ന പാലത്തിന് മാത്രം രണ്ടുകോടി രൂപ വേണം. ഇപ്പോൾ റെയിൽവേബോർഡ് അവാർഡ് ചെയ്ത ഒമ്പത് വർക്കുകൾക്ക് ആയി മൂന്നരക്കോടി രൂപ വേറെ വേണ്ടിവരും. അതിനു പുറമെ പതിനൊന്ന് വർക്കുകൾ ടെണ്ടർചെയ്തുവെങ്കിലും ബഡ്ജറ്റിൽ പണമില്ലാത്തതുകാരണം അവാർഡു ചെയ്യാതെ മാറ്റി വച്ചിരിക്കുകയാണ്. അതിനുപരിയായി ആലപ്പുഴയിൽ ഇരുപത്തിരണ്ട് ക്വാർട്ടേഴ്സിന്റെയും ഒരു ഗുഡ്സ്ഷെഡ്ഡിന്റെയും ഇൻസ്പെക്ഷൻ വിംഗിന്റെയും പണികൾ നടക്കണം. ചേർത്തലയിൽ റെയിൽവേസ്റ്റേഷന്റെയും ക്വാർട്ടേഴ്സിന്റെയും പണികൾ ടെണ്ടർ ചെയ്തിട്ടുണ്ട്. ഇന്ന് റെയിൽവേബോർഡ് ടെണ്ടർചെയ്ത വർക്കുകൾ പൂർത്തിയാക്കണമെങ്കിൽ പത്തുകോടി രൂപ ആലപ്പുഴ-എറണാകുളം റെയിൽവേയ്ക്ക് വേണ്ടിവരും. ആറുകോടി രൂപയെങ്കിലും കിട്ടുമെന്നുള്ള പ്രതീക്ഷയിൽ ആണ് റെയിൽവേബോർഡ് ഈ വർക്കുകൾക്ക് ഏർപ്പാട് ചെയ്തത്. എന്നാൽ രണ്ടുകോടി രൂപ മാത്രമാണ് കൊടുത്തത്. അതുപോലെ 1982-ൽ ആലപ്പുഴ-എറണാകുളം റയിൽവേ എക്സ്റ്റൻഷനെന്നുള്ള നിലയിലാണ് കായംകുളം റെയിൽവേ അനുവദിച്ചത്. ആ റെയിൽവേ ലൈൻ പൂർത്തിയാകണമെങ്കിൽ പതിനഞ്ചുകോടി രൂപ വേറെ വേണ്ടിവരും. ആ റെയിൽവേയ്ക്കുവേണ്ടി ഇതുവരെ വെറും അമ്പതിനായിരം രൂപ മാത്രമാണ് ചെലവഴിച്ചത്. ഈ വർഷത്തെ ബഡ്ജറ്റിൽ ആലപ്പുഴ-കായംകുളം റെയിൽവേയ്ക്ക് വെറും ആയിരം രൂപയാണ് കൊടുത്തത്. ആ റെയിൽവേയിൽ ഇപ്പോൾ റെയിൽവേ ബോർഡിലെ ജീവനക്കാർക്ക് പുറമേ നാൽപ്പതോളം ദിവസക്കൂലിക്കാരായ ജീവനക്കാരും, ഒരു തഹസീൽദാരും, ഇരുപത്തിമൂന്ന് ജീവനക്കാരും ലാൻഡ് അക്വിസിഷനുമായി ബന്ധപ്പെടുന്നു. അവർക്ക്

LIBRARY ARCHIVES Kerala Legislative Assembly

ശമ്പളം കൊടുക്കാൻപോലും പണമില്ല. ഇതിനെ സംബന്ധിച്ച് ആലപ്പുഴയിലെ ജനങ്ങളും എല്ലാ രാഷ്ട്രീയ പാർട്ടിയിൽപ്പെട്ട ആളുകളും ഈ സാമ്പത്തിക വർഷത്തിൽ ഇതിനുവേണ്ടി പണം അനുവദിക്കുന്നതിനുവേണ്ടി ഇന്ന് സമരത്തിലാണ്. ബന്തടക്കമുള്ള പരിപാടികൾ നടപ്പിലാക്കാൻ ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ഈ കാര്യത്തിൽ കുറ്റകരമായ അനാസ്ഥയാണ് ഈ ഗവൺമെന്റ് കാണിച്ചിട്ടുള്ളത്. ചില കേന്ദ്ര ഉദ്യോഗസ്ഥന്മാരുടെ സമ്മർദ്ദഫലമായിട്ട് ഈ റെയിൽവേ ലൈനിന്റെ കാര്യത്തിൽ കേന്ദ്രഗവൺമെന്റ് ആവശ്യമായ കാര്യങ്ങൾ ചെയ്യുന്നില്ല. കഴിഞ്ഞ ആഴ്ചയിൽ ആലപ്പുഴയിൽ നിന്നുള്ള എം. പി. യായ ശ്രീ. പി. ജെ. കുര്യൻ പാർലമെന്റിൽ ചോദിച്ചപ്പോൾ ഈ റെയിൽവേയ്ക്കുവേണ്ടി ഒരു പൈസപോലും തരില്ലായെന്നാണ് രേഖാമൂലം പറഞ്ഞിരിക്കുന്നത്. അതുകൊണ്ട് ഈ തീരദേശ റെയിൽവേ, ഇപ്പോൾത്തന്നെ എറണാകുളം, കോട്ടയം വഴിയുള്ള ട്രെയിൻ ഇരട്ടിപ്പിക്കാൻ പോവുകയാണ്. ഈ റെയിൽവേലൈൻ വന്നുകഴിഞ്ഞാൽ ഇരട്ടിപ്പിക്കേണ്ട ആവശ്യമുണ്ടാകില്ല. അതുകൊണ്ട് ആലപ്പുഴയുടെ പുരോഗതിക്ക് അടിയന്തിരമായിട്ട് ആലപ്പുഴ-എറണാകുളം, ആലപ്പുഴ-കായംകുളം എന്നീ റെയിൽവേകൾക്കുവേണ്ടി പണം അനുവദിക്കുന്ന കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് സമ്മർദ്ദം ചെലുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഞാനീവിവരം ബഹുമാനപ്പെട്ട മന്ത്രിയുടെയും ഗവൺമെന്റിന്റേയും ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ആലപ്പുഴ-എറണാകുളം, ആലപ്പുഴ-കായംകുളം എന്നീ റെയിൽവേ ലൈനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ബഹുമാനപ്പെട്ട മെമ്പർ നോട്ടീസിൽ പറയുന്നപോലെ സ്തംഭനാവസ്ഥയിലൊന്നുമല്ല. പക്ഷേ നമുക്ക് മതിയായ സംഖ്യയുടെ അഭാവംമൂലം പ്രവർത്തനങ്ങൾ നമ്മുടെ പ്ലാനനുസരിച്ച് പുരോഗമിക്കുന്നില്ലായെന്നുള്ളതിനെ സംബന്ധിച്ച് തർക്കമില്ല. ആലപ്പുഴ-എറണാകുളം റെയിൽവേയ്ക്ക് ആകെ 57.12 കി. മീ. ദൂരമാണുള്ളത്. ഇതിന്റെ എസ്റ്റിമേറ്റ് മുപ്പതുകോടി രൂപയാണ്. 1979-1980-ൽ ഇത് അനുവദിച്ചു. 1987-ൽ കമ്മീഷൻ ചെയ്യണമെന്നായിരുന്നു പ്ലാൻ. പക്ഷേ 1987-ൽ കമ്മീഷൻ ചെയ്യുന്ന കാര്യം സംശയമാണ്. അരൂരിൽനിന്ന് എറണാകുളം വരെയുള്ള പത്ത് കി. മീ.-ലെ പണികൾ ഏതാണ്ട് പൂർത്തിയായിരിക്കുകയാണ്. അടുത്ത 25 കി. മീറ്ററിന്റെ പണി പുരോഗമിച്ചുവരുന്നു. 170 ഹെക്ടർ ഭൂമിയിൽ 128 ഹെക്ടർ ഭൂമി അക്വയർ ചെയ്ത് കഴിഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഈ വർഷത്തെ ബഡ്ജറ്റിൽ നമുക്ക് മതിയായ തുകയില്ല. അതായത്, കഴിഞ്ഞ വർഷം മൂന്നുകോടി രൂപയായിരുന്നുവെങ്കിൽ ഈ വർഷം കേന്ദ്ര ബഡ്ജറ്റിൽ രണ്ടുകോടി രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ഈ വർഷത്തെ മുഴുവൻ പ്രവർത്തനങ്ങൾക്കും ഈ തുക മതിയാകില്ല. അതുപോലെതന്നെ ആലപ്പുഴ-കായംകുളം റെയിൽവേയെ സംബന്ധിച്ചിടത്തോളം 43 കി. മീ. ദൂരമാണുള്ളത്. ഇതിൽ എസ്റ്റിമേറ്റ് പതിനൊന്നു കോടി രൂപയാണ്. കായംകുളം ജങ്ഷന്റെ പണി പൂർത്തിയായി. ഭൂമി പൊന്നുംവിലയ്ക്ക് എടുക്കുന്ന ജോലി തുടരുന്നുണ്ട്. ബഡ്ജറ്റിൽ കഴിഞ്ഞവർഷം ഒരു ലക്ഷം രൂപയായിരുന്നു ഉണ്ടായിരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഈ വർഷം വെറും ടോക്കൺപ്രൊവിഷൻ മാത്രമേയുള്ളൂ. ഇതിനെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്ര ബഡ്ജറ്റ് പുറത്തു വന്നയുടനെതന്നെ 18-3-1985-ൽ റയിൽവേമന്ത്രിക്ക് വളരെ ശക്തമായ ഒരു കത്തെഴുതുകയുണ്ടായി. ഈ വർഷത്തെ ബഡ്ജറ്റിൽ തുക വളരെ കുറഞ്ഞുപോയി, ഈ തുക നമുക്ക് അപര്യാപ്തമാണ്, കൂടുതൽ തുക അനുവദിക്കണമെന്നൊക്കെ പറഞ്ഞുകൊണ്ടാണ് വളരെ പേഴ്സണലായിട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കത്തയച്ചിരുന്നത്. ഈ വിഷയം സംസ്ഥാന ഗവൺമെന്റ് പല തവണ കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് ഇക്കാര്യത്തിൽ കേന്ദ്ര റെയിൽവേമന്ത്രി കാര്യാലയം ആവശ്യമായ തുക ഒന്നുകിൽ കണ്ടെത്തും അല്ലെങ്കിൽ ഇതിന്റെ പോരായ്മ തീർക്കത്തക്കവണ്ണം അടുത്ത വർഷത്തെ ബഡ്ജറ്റിൽ കൂടുതൽ തുക വകയിരുത്തുമെന്ന് പ്രത്യാശിക്കുകയാണ്. ഏതായാലും ബഡ്ജറ്റിലെ തുകയ്ക്കനുസരണമായി പ്രവർത്തനങ്ങൾക്ക് ഒട്ടും മുടക്കം കൂടാതെ കൊണ്ടുപോകുന്ന കാര്യത്തിൽ ഗവൺമെന്റ് ശ്രദ്ധ പതിപ്പിക്കുന്നതാണ്.

ശ്രീ. എ. വി. താമരാക്ഷൻ: കഴിഞ്ഞ ആഴ്ച പാർലമെന്റിൽ ചോദിച്ച ചോദ്യത്തിന് മറുപടിയായി എറണാകുളം-കായംകുളം റെയിൽവേ ലൈനിനും എറണാകുളം-ആലപ്പുഴ റെയിൽവേ ലൈനിനും ഈ വർഷത്തെ ബഡ്ജറ്റിൽ ഒരു പൈസപോലും അനുവദിക്കില്ലായെന്നു പറഞ്ഞു. അതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി നമ്മുടെ കേരളത്തിലെ എം. പി. മാരടക്കം റെയിൽവേമന്ത്രിയെ കണ്ടതായി പേപ്പറിൽ കണ്ടു. എന്താണ് റെയിൽവേമന്ത്രി പറഞ്ഞത്, ഈ വർഷം പണം കിട്ടുമോയെന്ന് മുഖ്യമന്ത്രിക്ക് വ്യക്തമാക്കാമോ?

ശ്രീ. കെ. എം. മാണി: ബഡ്ജറ്റിൽ ഉള്ള തുക കിട്ടുന്നതിനേക്കാൾ കൂടുതൽ തുക കിട്ടണമെന്നാണ് നമ്മൾ പറഞ്ഞിരിക്കുന്നത്. തീരുമാനമൊന്നുമായിട്ടില്ല. കിട്ടുമെന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു.

(2) മലയാള സിനിമാവ്യവസായം നേരിടുന്നതായി പറയപ്പെടുന്ന പ്രശ്നങ്ങൾ

ശ്രീ. എം. എം. ഹസ്സൻ : സർ, നമ്മുടെ ഗവൺമെന്റിന് വിനോദ നികുതി ഇനത്തിൽ പ്രതിവർഷം പത്തു കോടി രൂപയിലധികം വരുമാനമുണ്ടാക്കുന്നതും ആയിരക്കണക്കിന് ആളുകൾക്ക് തൊഴിൽ നൽകുന്നതുമായ മലയാള ചലച്ചിത്ര വ്യവസായം ഇന്ന് ഗുരുതരമായ ചില പ്രശ്നങ്ങൾ നേരിടുകയാണ്. ഒരു വ്യവസായമെന്നുള്ള നിലയിൽ അതിനെ പ്രോൽസാഹിപ്പിക്കാനും, കലാമൂല്യങ്ങളും സാമൂഹ്യബോധവുമുള്ള ചിത്രങ്ങൾ പ്രചരിപ്പിക്കുന്നതിനുംവേണ്ടി ഗവൺമെന്റ് പണം മുടക്കി ചലച്ചിത്ര വികസന കോർപ്പറേഷനും ഏഷ്യയിലെത്തന്നെ ഏറ്റവും മനോഹരമായ ചിത്രാഞ്ജലി സ്റ്റുഡി

LIBRARY ARCHIVES Kerala Legislative Assembly